**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **14-03-2022 - ൽ മറുപടിയ്ക്ക്**

**കരം അടവ് സംബന്ധിച്ച വഖഫ് ബോർഡിന്റെ കത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കൊച്ചി താലൂക്കിൻകീഴിലെ കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിൽ വർഷങ്ങളായി കൈവശം വെച്ച് കരം തീർത്ത് അനുഭവിച്ച് വരുന്ന വസ്തുവകകളുടെ കരം അടച്ചുനൽകരുതെന്ന് ആവശ്യപ്പെട്ട് വഖഫ് ബോർഡ് കത്ത് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലെ നിയമസാധുത എറണാകുളം ജില്ലാ കളക്ടർ പരിശോധിച്ചു വരികയാണ്. |
| (സി) | വഖഫ് ബോർഡ് നൽകിയ കത്തിൽ പറയുന്ന വസ്തുവകകളുടെ നിലവിലെ ഉടമസ്ഥാവകാശം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | വഖഫ് ബോർഡ് നൽകിയ കത്തിൽ പറയുന്ന വസ്തുവകകളുടെ നിലവിലെ ഉടമസ്ഥാവകാശം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുവാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ